(സി) ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനുവേണ്ടി ജംഗ്ഷൻ വികസനവും നവീകരണവും പദ്ധതിക്കായി നടപ്പ് ധനകാര്യ വർഷത്തെ പദ്ധതിയിൽ മിസലേനിയസ് വിഭാഗത്തിൽപ്പെടുത്തുന്നതിനായി 35 ലക്ഷം രൂപ നിർദ്ദേശിച്ചിട്ടുണ്ട്.

101 (1645) റോഡിന്റെ അറ്റുകുറ്റപ്പണികൾ നടത്താൻ നടപടി

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മീഞ്ചന്ത വെസ്റ്റിൽ ബൈപ്പാസ് റോഡ് കേടുവന്ന് യാത്രായോഗ്യമല്ലാതായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ റോഡ് നന്നാക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് മീഞ്ചന്ത-വെസ്റ്റ്ഹിൽ ബൈപ്പാസ് റോഡ് കേട്വന്ന് ഗതാഗതയോഗ്യമല്ലാതായിട്ടില്ല. എന്നാൽ റോഡ് പ്രതലത്തിൽ ചെറിയ കുഴികൾ (പോട്ട് ഹോൾസ്) ഈ മഴക്കാലത്ത് ഉണ്ടായിട്ടുണ്ട്.

(ബി) ഈ റോഡിന്റെ മേൽപ്പറഞ്ഞ അറ്റകുറ്റപ്പണികൾ തീർക്കുന്നതി നുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

102 (1646) റോഡിന്റെ ശോച്യാവസ്ഥ

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ചടയമംഗലം റോഡ്സ് സെക്ഷനിലുള്ള കടയ്ക്കൽ പാങ്ങോട് റോഡിന്റെ കുമ്മിൾ മുതൽ പാങ്ങോടുവരെയുള്ള ഭാഗം കാൽനട യാത്രയ്ക്കുപോലും പറ്റാത്ത അവസ്ഥയിലാണെന്നത് സർക്കാരിന് അറിവുണ്ടോ;

(ബി) റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഈ റോഡിന്റെ ശോച്യാവസ്ഥ മാറ്റാൻ അടിയന്തിര മായി എന്തൊക്കെ ചെയ്യാനുദ്ദേശിക്കുന്നു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇക്കഴിഞ്ഞ തുടർച്ചയായ മഴയിൽ കടയ്ക്കൽ-പാങ്ങോട് റോഡിന്റെ പല ഭാഗങ്ങളിലും കുണ്ടും കുഴികളും രൂപപ്പെട്ടതുമൂലം ഗതാഗത ത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ പാച്ച് വർക്കുകൾ അറേഞ്ചുചെയ്യുകയും 14.5.99-ൽ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഉടനെതന്നെ ജോലികൾ പൂർത്തിയാക്കുന്നതാണ്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly